**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1274** **07-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് പി.ടി.ഉഷ റോഡിലെ റയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് പി.ടി.ഉഷ റോഡിൽ റയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കോഴിക്കോട് പി.ടി.ഉഷ റോഡിലെ അമലാപുരി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം 27.04.2018 ലെ ജി.ഒ(ആർ.റ്റി) 771/2018/പൊമവ നമ്പർ ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി ആയി നിയമിക്കുകയും ചെയ്തു. എന്നാൽ പദ്ധതി 2002-03 ലെ റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പാക്കാത്തതിനാൽ റെയിൽവേ വർക്ക് പ്ലാനിൽ നിന്നും പദ്ധതിയെ ഒഴിവാക്കി. ഈ പദ്ധതി വീണ്ടും റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് ദക്ഷിണ റെയിൽവേയ്ക്ക് 19.09.2019 ൽ കത്ത് നൽകി. റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള ദക്ഷിണ റെയിൽവേ തയ്യാറാക്കിയ ലിസ്റ്റിൽ അമലാപുരി ആർ.ഒ.ബി. ഉൾപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ